"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ രാജേഷ് വി.എസ്.-ന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.247/2025/LSGD തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-

1. ശ്രീ രാജേഷ് വി.എസ്. ന്റെ 21.11.2022 ലെ അപേക്ഷ
2. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 18.04.2024 ലെ സി3-1036/2024 നമ്പർ കത്ത്
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.08.2024 ലെ LSGD/PD/28780/2024-DEG1 നമ്പർ കത്ത്.
4 സ.ഉ.(അച്ചടി) നം.100/2024/ധന. തീയതി, 22/11/2024.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ രാജേഷ് വി.എസ്, ടിയാന്റെ ഭാര്യ ശ്രീമതി മോബിത കെ.എം. ന്റെ ചികിത്സയ്ക്ക് 09/09/2022 മുതൽ 13/09/2022 വരെയായി എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചെലവായ 99,659.35/- രൂപ പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി സമർപ്പിച്ച പരാമർശം 1 അപേക്ഷ പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത തുകയിൽ 73,153/- (എഴുപത്തിമൂവായിരത്തി നൂറ്റിഅൻപത്തിമൂന്ന് രൂപ മാത്രം) രൂപ അനുവദനീയമാണെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ രാജേഷ് വി.എസ്.-ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് 09.09.2022 മുതൽ 13.09.2022 വരെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചെലവായ തുകയിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച തുകയായ 73,153/-രൂപയുടെ 80 ശതമാനമായ 58,522/- രൂപ (അമ്പത്തെണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) പരാമർശം 4 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രതിപൂരണം ചെയ്ത് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
(അപേക്ഷയും അനുബന്ധരേഖകളും സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം /
തൃശ്ശൂർ

ശ്രീ രാജേഷ് വി.എസ്., സീനിയർ സൂപ്രണ്ട്, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം *(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*

ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ്, എറണാകുളം

ധനകാര്യ വകുപ്പ് (17/12/2024 ലെ LNS-L8/496/2024-FIN ഫയൽ കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്(ഇപിബി1/242/2024-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 24-01-2025 19:40:45
സെക്ഷൻ ഓഫീസർ